വൻകിട വൈദ്യുത പദ്ധതികൾക്ക് നടപടി

4 (*124) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത മുന്നിൽ കണ്ട് വൻകിട വൈദ്യുത പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോ: എങ്കിൽ വിശദാംശം ലഭ്യമാക്കുമോ:

(ബി) ചീമേനിയിൽ സൂപ്പർ താപനിലയം സ്ഥാപിക്കാനുള്ള പദ്ധതിക്കായി നടപടികൾ ആരംഭിച്ചിട്ടുണ്ടോ:

(സി) കായംകുളം താപനിലയത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ:

(ഡി) ബ്രഹ്മപുരത്ത് ആരംഭിക്കുന്ന വികസന പദ്ധതിയുടെ വിശദാംശം നൽകുമോ:

(ഇ) അടുത്ത പത്തുവർഷത്തിനകം എത്ര മെഗാവാട്ട് വൈദ്യുതി കൂടുതൽ ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത മുന്നിൽ കണ്ട് ചെറുകിട-വൻകിട ജലവൈദ്യുതി പദ്ധതികൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 204 മെഗാവാട്ട് വൈദ്യുതി പദ്ധതികൾ കമ്മീഷൻ ചെയ്തു. പുഴിത്തോട് ചെറുകിട ജലവൈദ്യുത പദ്ധതി (4.8 മെഗാവാട്ട്) ഫെബ്രുവരി 19-ന് കമ്മീഷൻ ചെയ്യും. കൂടാതെ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നതും വർക്ക് അവാർഡ് ചെയ്തതുമായ 10 ജലവൈദ്യുത പദ്ധതികൾ ഉൾപ്പെടെ 803.8 മെഗാവാട്ട് സ്ഥാപിത ശേഷി വർദ്ധനവാണ് വരുന്ന 10 വർഷത്തിനുള്ളിൽ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി ചെറുകിട പദ്ധതികൾ ഉൾപ്പെടെ 46 പദ്ധതികൾ വരുന്ന 5 വർഷത്തിനുള്ളിൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)*

ഒറീസ്സയിലെ ബൈധരണിയിൽ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച കൽക്കരി പാടത്ത് നിന്നും 1000 മെഗാവാട്ട് വൈദ്യുതി പദ്ധതിക്കുള്ള കൽക്കരി ലഭ്യമാകും. ഒറീസ്സ, ഗുജറാത്ത് സംസ്ഥാനങ്ങളുമായി ചേർന്ന് ഇതിന് കമ്പനി രൂപീകരിച്ച് നടപടികൾ തുടങ്ങി. ഇതുപയോഗപ്പെടുത്തി 1000 മെഗാവാട്ട് കൽക്കരി താപനിലയം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

---

* അനുബന്ധം V കാണുക

LIBRARY ARCHIVES Kerala Legislative Assembly

ചീമേനിയിൽ ഒരു മെഗാപവ്വർ പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ഒന്നാം ഘട്ടമെന്ന നിലയിൽ പ്രകൃതി വാതകം ഉപയോഗിച്ചുകൊണ്ടുള്ള 1200 മെഗാവാട്ട് പദ്ധതിയാണ് ഉദ്ദേശിക്കുന്നത്.

ബ്രഹ്മപുരത്ത് 1026 മെഗാവാട്ടിന്റെ ഒരു പ്രകൃതി വാതകാധിഷ്ഠിത താപനിലയം സ്ഥാപിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്.

(ബി) ഉണ്ട്. കെ.എസ്.ഐ.ഡി.സി.-യും കെ.എസ്.ഇ.ബി.-യും ചേർന്ന് രൂപീകരിക്കുന്ന ഒരു സംയുക്ത സംരംഭമാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ പ്രാരംഭ ജോലികൾ പുരോഗമിച്ചുവരുന്നു.

(സി) ഉണ്ട്. എൻ.ടി.പി.സി.യാണ് പദ്ധതി നടപ്പിൽ വരുത്തുന്നത്. 1950 മെഗാവാട്ടിന്റെ പദ്ധതിയാണ്. ലക്ഷ്യമിട്ടിരുന്നതെങ്കിലും എൽ.എൻ.ജി.-യുടെ ലഭ്യതയും മറ്റും കണക്കിലെടുത്ത് 1050 മെഗാവാട്ടാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) 1026 മെഗാവാട്ട് സ്ഥാപിതശേഷിയുള്ളതും പ്രകൃതി വാതകം ഇന്ധനമായി പ്രവർത്തിക്കുന്നതുമായ താപനിലയം സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് 4419.25 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) അടുത്ത പത്തു വർഷത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്ന പദ്ധതികൾ

ജലവൈദ്യുത പദ്ധതികൾ	-	804.6 മെഗാവാട്ട്
ബ്രഹ്മപുരം താപനിലയം	-	1026 മെഗാവാട്ട്
കായംകുളം രണ്ടാം ഘട്ടം	-	1050 മെഗാവാട്ട്
ചീമേനി താപനിലയം	-	1200 മെഗാവാട്ട്
ബൈധരണി കൽക്കരി നിലയം-ഒറീസ്സ	-	1000 മെഗാവാട്ട്
ആകെ		5080.6 മെഗാവാട്ട്.

ഇതോടുകൂടി കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിപൂർണ്ണമായി പരിഹരിക്കും. കേരളം സ്വയം പര്യാപ്തതയിലേക്ക് നീങ്ങും.

(ചോദ്യോത്തരസമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തൊഴിലാളിക്ഷേമം മുൻനിർത്തി സ്വീകരിച്ച നടപടികൾ

1(*125) ശ്രീ. കെ. സി. രാജഗോപാലൻ :

ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് തൊഴിലാളിക്ഷേമം മുൻനിർത്തി തൊഴിൽ വകുപ്പ് ഏതെല്ലാം നിയമ നിർമ്മാണങ്ങളാണ് നടത്തിയത് ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - V

[16-2-2011-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 4(*124)-ന്റെ ഉത്തരം കാണുക]

Schemes for Implementation

1. പുഴിത്തോട് 4.8 MW (29-2-2011-ന് കമ്മീഷൻ ചെയ്യുന്നു)

A. Ongoing Schemes:

		Inst. Cap	Annual Gen	Expected year of completion
1.	Pallivasal Extension Scheme	60 MW	153.9 Mu	2012-13
2.	Thottiyar	40 MW	99.0 Mu	2012-13
3.	Sengulam Augmentation	...	85.0 Mu	2012-13
4.	Ranni Perunad SHEP	4 MW	16.73 Mu	2010-11
5.	Peechi SHEP	1.25 MW	3.0 Mu	2011-12
6.	Chanthankottunada II	6 MW	14.70 Mu	2012-13
7.	Vilangad SHEP	7.5 MW	23.63 Mu	2012-13
8.	Barapole SHEP	15 MW	36.0 Mu	2013-14
9.	Anakkayam SHEP	7.5 MW	22.83 Mu	2014-15
10.	Perumthenaruvi SHEP	6 MW	25.76 Mu	2013-14
	TOTAL A.		147.25 MW	

Kerala State Archives Department

B. Tendered Projects and Projects which will be tendered before 2015 March :

1. Tendered Projects :

		Inst. Cap	Annual Gen	Expected year of completion
1.	Mankulam HEP	40 MW	82 Mu	2015-16
2.	Vellathooval SHEP	3.6 MW	12 Mu	2013-14
3.	Poringalkuthu SHEP	24.0 MW	45 Mu	2014-15
4.	Kakkayam SHEP	3.0 MW	10.39 Mu	2013-14
5.	Adyanpara SHEP	3.5 MW	9.01 Mu	2013-14
	TOTAL	74.1 MW		

2. Projects to be tendered in 2010-11 :

1.	Chimmony	-	2.5 MW
2.	Upper Kallar	-	2.0 MW
3.	Olikkal	-	4.5 MW
4.	Poovaramthode	-	2.7 MW
5.	Chembukkadavu III	-	6.0 MW
6.	Karapuzha Dam Toe	-	0.5 MW
	TOTAL		18.2 MW

3. Projects to be tendered in 2011-12 :

1.	Peechad	-	3 MW	July 2011
2.	Chinnar	-	24 MW	December 2011
3.	Western Kallar	-	5 MW	March 2012
4.	Pazhassi Sagar	-	15 MW	December 2011
5.	Peruvannamuzhy	-	6 MW	November 2011

LIBRARY ARCHIVES Kerala Legislative Assembly

6.	Ladrum	-	3.5 MW	March 2012
7.	Upper Sengulam	-	24 MW	March 2012
8.	Marmala	-	7 MW	March 2012
9.	Chathankottunada I	-	4.5 MW	March 2012
	TOTAL		92 MW	

4. Projects to be tendered in 2012-13 :

1.	Marapuzha	-	5 MW
2.	Valanthode	-	8 MW
3.	Kakkadampoil I & II	-	27 MW
4.	Thonniyar	-	4 MW
5.	Thommankuthu	-	4.5 MW
6.	Thomboormoozhy	-	7 MW
7.	Kanjirapuzha Dam Toe	-	1.2 MW
	TOTAL		56.7 MW

5. Projects to be tendered in 2013-14 :

1.	Achenkovil	-	30 MW
2.	Pambar	-	40 MW
3.	Palchuram II & III	-	11.25 MW
4.	Anakkampoil	-	7.5 MW
5.	Pathamkayam	-	4.5 MW
6.	Kandappanchal	-	4.5 MW
7.	Muthappanpuzha	-	6.0 MW
8.	Keezharkuthu	-	15 MW
9.	Kannakkuzhy	-	7.0 MW
10.	Moorikkadavu	-	2.0 MW
11.	Averkutty Chittor	-	12.8 MW
12.	Anamukku	-	3 MW
	TOTAL		143.55 MW

LIBRARY ARCHIVED Kerala Legislative Assembly

6. Projects to be tendered in 2014-15 :

1.	Kanthanpara	-	70 MW
2.	Poringalkuthu II	-	24 MW
3.	Upper Sengulam II	-	24 MW
4.	Vythiri	-	60 MW
5.	Thottiyar II	-	30 MW
6.	Mankulam II	-	40 MW
7.	Vakkalar	-	24 MW
	TOTAL		272 MW
	Total for B	-	656.55 MW (46 Projects)
	Grand Total (A and B)	-	803.8 MW (56 Projects)

LIBRARY ARCHIVES Kerala Legislative Assembly